## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 404** **28-06-2022 - ൽ മറുപടിയ്ക്ക്**

## കഴിഞ്ഞ സാമ്പത്തിക വർഷത്തെ റവന്യൂ വരുമാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ . ഷംസുദ്ദീൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2021 -22 സാമ്പത്തിക വർഷത്തിലും, നടപ്പ് സാമ്പത്തിക വർഷം 31-5-2022 വരെയും പോസ്റ്റ് ഡെവല്യൂഷൻ റവന്യൂ ഡഫിസിറ്റ് ഗ്രാന്റ് ആയി കേന്ദ്രത്തിൽ നിന്ന് ലഭിച്ച തുകയുടെ കണക്ക് വിശദമാക്കുമോ; | (എ) | 2021-22 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽ നിന്നും പോസ്റ്റ് ഡെവല്യൂഷൻ റവന്യൂ ഡഫിസിറ്റ് ഗ്രാന്റ് ആയി 19,891 കോടി രൂപയും നടപ്പ സാമ്പത്തിക വർഷം 31-05-2022 വരെ 2195.67 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. |
| (ബി) | 2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് എത്രയാണ് ; പ്രസ്തുത സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയാണ് വിവിധ വരുമാന മേഖലകളിൽ നിന്നും ലഭിച്ചത് എന്നതിന്റെ വിശദാംശം പ്രത്യേകം വിശദമാക്കി നൽകുമോ ; | (ബി) | 2021-22 സാമ്പത്തിക വർഷത്തെ പുതുക്കി ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള റവന വരുമാനം 117888.16 കോടി രൂപയാണ അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുക പ്രകാരമുള്ള റവന്യൂ വരുമാനത്തിന്റെ വിശദമായ കണക്ക് ചുവടെ ചേർക്കുന്നു.<br><br>ഇനം<br><br>തുക (കോടിയിൽ)<br><br>സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം<br><br>58340.4<br><br>സംസ്ഥാനത്തിന്റെ തനത് നികുതിയേത വരുമാനം<br><br>10371.7 |

| | | | |
|---|---|---|---|
| | | | കേന്ദ്ര നികുതി വിഹിതം 17820.09<br>കേന്ദ്ര ധനസഹായം 30014.12<br>**ആകെ** **116546.50** |
| (സി) | പ്രസ്തുത വർഷത്തിൽ പ്രതീക്ഷിച്ച റവന്യൂ സമാഹരണം നടത്താൻ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന്റെ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | (സി) | പ്രസ്തുത വർഷത്തിൽ തനതു നികുതിയിനത്തിൽ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം 71833.28 കോടി രൂപ പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഈ വർഷത്തിലെ അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 58340.49 കോടി രൂപയാണ് ലഭിച്ചിരിക്കുന്നത്. കോവിഡ് മഹാമാരിയെ തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധി റവന്യൂ കളക്ഷനെ സാരമായി ബാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ